LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ പണിയുന്നതിന് സ്ഥലം അനുവദിക്കുന്ന സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തീയേറ്ററുകളുടെ പരിപൂർണ്ണ മേൽനോട്ടം കെ. എസ്. എഫ്.ഡി.സി.ക്കായിരിക്കും. കുറഞ്ഞ ചെലവിൽ കലാമൂല്യമുള്ള സിനിമകൾ പൊതുജനങ്ങളുടെ മുന്നിലെത്തിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യം.

(സി) നഗരസഭയ്ക്ക് പങ്ക് എന്താണെന്നുള്ളതിനെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഈ രീതിയിൽ സംസ്ഥാനത്ത് ഒരിടത്തും കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ തീയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

സെസ്സ് ഇനത്തിൽ ലഭ്യമായ വരുമാനം

274 (2018) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റ് നിരക്കിനോടൊപ്പം സെസ്സ് ചുമത്തിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നാളിതുവരെ ലഭ്യമായിട്ടുള്ള വരുമാനം ജില്ല അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) അധിക സെസ്സ് ചുമത്തിയശേഷം കെ.എസ്.ആർ.ടി.സി. യാത്രികരുടെ എണ്ണത്തിൽ കുറവു വന്നതായി നിരീക്ഷിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

ഉത്തരം

(എ) സെസ്സ് ഈടാക്കി തുടങ്ങിയ 1-4-2015 മുതൽ 31-1-2016 വരെ ടി ഇനത്തിൽ ആകെ 34,48,90,251 രൂപ (മുപ്പത്തിനാല് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി അൻപത്തി ഒന്ന് രൂപ) KSRTC-യ്ക്ക് ലഭ്യമായിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	6,25,31,502
കൊല്ലം	-	1,39,28,343
ആലപ്പുഴ	-	73,03,048
പത്തനംതിട്ട	-	1,70,86,806

കോട്ടയം	-	55,06,798
ഇടുക്കി	-	1,73,66,974
എറണാകുളം	-	4,06,19,229
തൃശ്ശൂർ	-	4,17,31,850
മലപ്പുറം	-	2,43,43,656
പാലക്കാട്	-	3,29,69,835
കോഴിക്കോട്	-	1,83,86,182
വയനാട്	-	2,81,58,211
കണ്ണൂർ	-	1,91,92,325
കാസർഗോഡ്	-	1,57,65,492
ആകെ		34,48,90,251 രൂപ

(ബി) സെസ്സ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവ് വന്നതായി കരുതുന്നില്ല.

കായംകുളം പുതിയ ഷോപ്പിംഗ് കോംപ്ലക്സ്

275 (2019) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് അടക്കമുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി അടിസ്ഥാന മൂലധനത്തിന് ആവശ്യമായ പണം കെ. എസ്. ആർ. ടി. സി.-യുടെ പക്കൽ ഇല്ല. അടിസ്ഥാന മൂലധനമായി ഉദ്ദേശം മൂന്ന് കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കുന്നു. അത്രയും തുക എം. പി. ഫണ്ടിൽ നിന്നോ എം. എൽ. എ.-യുടെ ഫണ്ടിൽനിന്നോ ലഭ്യമാക്കിയാൽ ആയതിന്റെ സാധ്യതാ പഠനം നടത്തി ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly